# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**

**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 11 - 743/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 20/12/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 11 - 743/2021 തീയ്യതി: 20/12/2021

## പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 18-10-2021 | 30-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-10-2021 | 30-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽകുമാർ യു എസ്, ഓഡിറ്റർ
ശ്രീമതി ദീപ കെ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാജി മാനാപ്പള്ളി | പ്രസിഡന്റ് | 01-04-2020 | 31-07-2020 |
| ശ്രീമതി സ്വപ്ന സൂസൻ ജേക്കബ് | പ്രസിഡന്റ് | 01-08-2020 | 25-08-2020 |
| ശ്രീ. ബാലൻ എൻ വി | പ്രസിഡന്റ് | 26-08-2020 | 11-11-2020 |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി ലതാ മോഹൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ജ്യോതി എസ് | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീ. അജിത്കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-02-2021 | 17-02-2021 |
| ശ്രീ. പ്രശാന്ത്കുമാർ എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-02-2021 | 28-02-2021 |
| ശ്രീമതി ജ്യോതി എസ് | സെക്രട്ടറി | 01-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജേഷ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 28-07-2020 |
| ശ്രീ. പ്രശാന്ത് എൻ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 29-07-2020 | 10-08-2020 |
| ശ്രീ. അജിത്കുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 11-08-2020 | 31-03-2021 |
| ശ്രീമതി ഓമന എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. ശ്രീകുമാർ എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| | | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. ജിഷ വി എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | | |
| ഡോ. ശ്രുതി ആർ എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 09-11-2020 |
| ഡോ. ലക്ഷ്മി ജി കൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 10-11-2020 | 31-03-2021 |
| ശ്രീമതി പ്രവീണ എ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി വിശാലക്ഷ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. ഉല്ലാസ് എൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 19-10-2020 |
| ശ്രീ. ജോർജ്ജ് എൻ എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 20-10-2020 | 01-11-2020 |
| ശ്രീമതി സിന്ധു വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-11-2020 | 31-03-2021 |
| ശ്രീ. സജീഷ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. റജി | പ്രധാനാദ്ധ്യാപകൻ, ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീ. രാജേഷ് കുമാർ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1&2 | 01-04-2020 | 31-03-2021 |
| ഡോ. ഡാനിയൽ ജോൺ | വെറ്ററിനറി സർജൻ | 01-04-2020 | 01-02-2021 |
| ഡോ. സിന്ധു കെ എ | വെറ്ററിനറി സർജൻ | 02-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Muhsin Faisal (Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sunilkumar.U.S (Auditor, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 30-10-2021)<br>Last Updated By: Muhsin Faisal (Audit Officer, On 10-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Muhsin Faisal (Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayaprabha P (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Arun S Nair (Asst. Audit Officer, On 23-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 23-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-10 |
| 11 | നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽനിന്നും വസ്തുനികുതി ഈടാക്കുന്നില്ല<br>Written By: Sunilkumar.U.S (Auditor, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-11 |
| 12 | വസ്തുനികുതിയിനത്തിൽ 32,83,426 ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Sunilkumar.U.S (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-12 |
| 13 | രസീതുകളുടെ ഉപയോഗം - അപാകങ്ങൾ<br>Written By: K S Deepa (Auditor, On 28-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-13 |
| 14 | ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി,സംഘങ്ങളുടെ ലൈസൻസ് ഫീസ് - ഈടാക്കുന്നില്ല<br>Written By: K S Deepa (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-14 |
| 15 | കാലഹരണപ്പെട്ട നിരതദ്രവ്യം/ലേലതുകകൾ - തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.<br>Written By: K S Deepa (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-15 |
| 16 | പി.എം.സി യഥാസമയം യോഗം ചേരുന്നില്ല<br>Written By: Sunilkumar.U.S (Auditor, On 01-11-2021) | 1-16 |

| | | |
|---|---|---|
| | Last Updated By: Muhsin Faisal (Audit Officer, On 10-12-2021) | |
| 17 | പാലിയേറ്റീവ് പരിചരണം പ്രോജക്ടിൽ ഉൾപ്പെടുത്തി മൊബൈൽഫോൺ വാങ്ങി<br>Written By: Sunilkumar.U.S (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-17 |
| 18 | പൂരക പോഷകാഹാര പദ്ധതി - സ്റ്റോക്ക് രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ സൂക്ഷിക്കുന്നില്ല<br>Written By: Jayaprabha P (Asst. Audit Officer, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-18 |
| 19 | ബാരൽ വില തിരികെ ഒടുക്കി<br>Written By: Muhsin Faisal (Audit Officer, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-19 |
| 20 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പൂർത്തീകരിച്ചിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-20 |
| 21 | കരാറുകാർക്ക് ബിൽതുക നൽകിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല.<br>Written By: Muhsin Faisal (Audit Officer, On 02-11-2021)<br>Last Updated By: Johncy John (Computer Assistant, On 10-12-2021) | 1-21 |
| 22 | അഗതിരഹിതകേരളം പദ്ധതി - അക്കൗണ്ടിൽ ശേഷിക്കുന്നത് 31.90 ലക്ഷം രൂപ<br>Written By: Jayaprabha P (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-22 |
| 23 | അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി ഈടാക്കിയിട്ടില്ല.<br>Written By: Muhsin Faisal (Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-23 |
| 24 | അലോപ്പതി മരുന്നുകൾ വാങ്ങൽ - നടപടി ക്രമങ്ങൾ പാലിച്ചില്ല<br>Written By: Sunilkumar.U.S (Auditor, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-24 |
| 25 | ആരോഗ്യകേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല<br>Written By: Sunilkumar.U.S (Auditor, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-25 |
| 26 | സമയബന്ധിതമായി പദ്ധതി നടപ്പാക്കിയില്ല - ലാപ്സായത് 92.04 ലക്ഷം രൂപ<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-26 |
| 27 | നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-27 |
| 28 | ABC പ്രോഗ്രാം - നടത്തിപ്പിൽ പഞ്ചായത്തിന് പങ്കില്ല<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-28 |
| 29 | ശബരിമല ഫണ്ട് - വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-29 |
| 30 | കോവിഡ് അനുബന്ധ ചെലവുകൾ - അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-30 |
| 31 | നിർവ്വഹണ ഏജൻസിക്ക് അഡ്വാൻസ് നൽകി-ശുചീകരണാവശ്യത്തിനുള്ള ബിന്നുകൾ ലഭ്യമായില്ല<br>Written By: Jayaprabha P (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 1-31 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arun S Nair (Asst. Audit Officer, On 23-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 23-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arun S Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arun S Nair (Asst. Audit Officer, On 23-10-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 23-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arun S Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun S Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 01-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 19.03.2020 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നേടി. സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറി, അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ എന്നിവർ നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകളുടെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

<u>ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം</u>

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2020-21ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 9920000 | 5127060 | 4792940 |
| | എ | വസ്തുനികുതി | 6800000 | 3629240 | 3170760 |
| | ബി | തൊഴിൽ നികുതി | 2100000 | 1546660 | 553340 |
| 2 | | നികുതിയിതര വരവുകൾ | 2860000 | 866602 | 1993398 |
| | എ | വാടക കെട്ടിടങ്ങൾ | 300000 | 10000 | 290000 |
| | ബി | ലൈസൻസ് | 325000 | 139108 | 185892 |
| | സി | പലിശ | 900000 | 383293 | 516707 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 10750000 | 11034182 | -284182 |
| 4 | | വികസനഫണ്ട് | 76468000 | 31265259 | 45202741 |
| 5 | | മെയ്ന്റനൻസ് ഗ്രാന്റ് | 00 | 39218425 | 39218425 |
| 5 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 13375000/- | 3768460 | 9606540 |
| 6 | | ഭരണ ചെലവുകൾ | 1965000 | 1323873 | 641127 |
| 7 | | ഓപ്പറേഷൻസ്& മെയിന്റനൻസ് | 3920000 | 4428588 | -508588 |
| 8 | | പ്ലാൻ-ഉല്പാദന മേഖല | 4544000 | 4638340 | -94340 |
| 9 | | പ്ലാൻ-സേവന മേഖല | 43472500 | 28266571 | 15205929 |
| 10 | | പ്ലാൻ-പശ്ചാത്തല മേഖല | 3540000 | 4937770 | -1397770 |

| | | | | |
|---|---|---|---|---|
| 11 | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 445000 | 353990 | 91010 |
| 12 | മെയിന്റനൻസ് പ്രോജക്ടുകൾ | 11112000 | 31163736 | -20051736 |

വാർഷിക കണക്കുകൾ പ്രകാരമുള്ള സംരക്ഷണ ഗ്രാന്റിനത്തിലെ വരവ് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 26.5.2021 ന് എയിംസിൽ സബ്മിറ്റ് ചെയ്തു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

**1. ഷെഡ്യൂൾ ബി-3-** 2019-20-ലെ വാർഷിക ധനകാര്യ പത്രികയിലെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ (93084714) ഉൾപ്പെടുത്തിയിരിക്കുന്നത്. തൻ വർഷം ആസ്തികൾ സൃഷ്ടിച്ചതിന്റെ മൂല്യം ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡ്ഡിൽ ചേർത്തിട്ടില്ല.

2. വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**3. ഷെഡ്യൂൾ ബി-7-** കൃത്യമായി പരിപാലിക്കാത്ത ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ വിവിധ ഡെപ്പോസിറ്റ് തുകകളുടെ ബാലൻസിന്റെ കൃത്യത വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തുന്നതിന് സാധിച്ചില്ല.
4. വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനുള്ള തുകയായ 47548 രൂപ (റോഡിതര സംരക്ഷണ ഗ്രാന്റ്- സ്രോതസ്സിൽ നിന്നും കുറച്ചത്) വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

5. ലൈഫ് ഭവന പദ്ധതിയ്ക്ക് എടുത്ത ലോണിന്റെ തിരിച്ചടവ് I 14(C), RP 18 എന്നീ ഷെഡ്യൂകളിൽ 253100801 ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ, ലോൺ തിരിച്ചടവിന് ശേഷം ബാക്കി ഒടുക്കുവാനുള്ള തുകയ്ക്കു പകരം മുൻ വർഷത്തെ തുക തന്നെയാണ് B 5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളത് തെറ്റാണ്. 31.3.2021- ന് ഒടുക്കേണ്ട തുക 3930628 രൂപയാണ് എന്നാൽ B 5 ഷെഡ്യൂളിൽ 3930928 രൂപയായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. B 16 ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

6. ഷെഡ്യൂൾ ബി-11-ൽ കോൺക്രീറ്റ് റോഡുകൾ, ടാറിട്ട റോഡുകൾ, കുടിവെള്ള പൈപ്പ് ലൈനുകൾ, തെരുവ് വിളക്കുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം മുൻ വർഷത്തേത് തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

7. ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat & District Panchayat ഇനങ്ങളിൽ (Head-320700104,105,204,205) മുൻബാക്കിയായി കാണിച്ചിരിക്കുന്ന തുകകൾ കൃത്യമല്ലാത്തതിനാൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുകകൾ കൃത്യമല്ല. മുൻവർഷങ്ങളിലെ ടി ഇനത്തിലെ ലെഡ്ജറുകൾ പരിശോധിച്ച് Joint Venture ഹെഡ്ഡിലെ അപാകത പരിഹരിക്കേണ്ടതാണ്. കൂടാതെ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ടി ഹെഡ്ഡിൽ വരവായി കാണിച്ചിട്ടുണ്ടെങ്കിലും ചെലവിനത്തിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം അപാകതകൾ നിലനിൽക്കുന്നതിനാൽ നീക്കിബാക്കി തുക ജോയിന്റ് വെഞ്ച്വർ ട്രഷറി അക്കൗണ്ടിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
8. ഷെഡ്യൂൾ ബി-11(A)-ൽ രേഖപ്പെടുത്തിയിരിക്കുന്ന 1331057 രൂപയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18500857 |
| വരവ് | 105881169 |
| ആകെ | 124382026 |

| | |
|---|---|
| ചെലവ് | 106317674 |
| നീക്കിയിരിപ്പ് | 18064352 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13350 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17414000 | 17414000 | 16043397 | 1370603 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7657000 | 7657000 | 6290406 | 1366594 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 574000 | 574000 | 498409 | 75591 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 7515422 | 7515422 | 4777121 | 2738301 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 5880000 | 5880000 | 5377900 | 502100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 38212000 | 38212000 | 36350896 | 1861104 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4701000 | 4701000 | 3410974 | 1290026 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | |
| സാക്ഷരത | 282 | 12 | 294 | 0 | 294 |
| ശുചിത്വ മിഷൻ | 1181338 | 2123090 | 3304428 | 436180 | 2868248 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| MGNREGS | 0 | 28114219 | 28114219 | 28114218 | 1 |
| ഐ.സി.ഡി.എസ് | 536205 | 669395 | 1205600 | 468763 | 736837 |
| **മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ** | | | | | |
| ശബരിമല സ്പെഷ്യൽ ഫണ്ട് | 4920241 | 2350000 | 7270241 | 1809706 | 5460535 |

പഞ്ചായത്ത് സമർപ്പിച്ച വിനിയോഗ പത്രികയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക (1266400), ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (424196) എന്നിവ (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് തുക 58509 (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വോട്ടിംഗ് മെഷിൻ വാങ്ങുന്നതിനുള്ള തുക 47548 (സ്രോതസ്സിൽ നിന്നും കുറച്ചത്) റോഡിതര സംരക്ഷണ ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 300 | 149913378 | 232 | 87069209 | 0 | 68 | 77.33 |

2020-21 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം | 17-12-2019 |
| ഗ്രാമസഭകൾ | 1-2-2020 മുതൽ 10-2-2020വരെ |
| സ്റ്റാന്റിംഗ് കമ്മിറ്റി പ്രൊജക്ടുകൾക്ക് അംഗീകാരം നൽകിയത് | 25-3-2020 |
| വികസന സെമിനാർ | 23-3-2020 |
| പഞ്ചായത്ത് കമ്മിറ്റി പ്രൊജക്ടുകൾക്ക് അംഗീകാരം നൽകിയത് | 17-4-2020 |

**വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.**

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവും പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 11 | 3531841 | 2736486 |
| വെറ്ററിനറി സർജൻ | 7 | 3 | 4091200 | 769400 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 11 | 11 | 2726439 | 2422205 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 300000 | 299440 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 1 | 572000 | 450000 |
| സബ് ഇൻസ്പക്ടർ, ഫിഷറീസ് | 2 | 2 | 1950000 | 264933 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 30 | 18 | 42316500 | 17424262 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 10 | 6 | 6714693 | 3495062 |
| സെക്രട്ടറി | 50 | 36 | 25243212 | 14215016 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 4 | 4 | 861596 | 753687 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 2193927 | 862162 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 161 | 133 | 57686970 | 43076556 |
| അസി.സെക്രട്ടറി | 4 | 1 | 1725000 | 300000 |
| ആകെ | 300 | 232 | 149913378 | 87069209 |

**വിഭാഗം**

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 276 | 217 | 78.62 | 130704669 | 78220394 | 59.85 |
| പ്രത്യേക ഘടകപദ്ധതി | 18 | 11 | 61.11 | 18248909 | 8350406 | 45.76 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 6 | 4 | 66.67 | 959800 | 498409 | 51.93 |
| ആകെ | 300 | 232 | 77.33 | 149913378 | 87069209 | 58.08 |

**മേഖല**

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉത്പാദനം | 30 | 22 | 73.33 | 13299968 | 4948633 | 37.21 |
| സേവനം | 120 | 80 | 66.67 | 80045762 | 39031573 | 48.76 |
| പശ്ചാത്തലം | 150 | 130 | 86.67 | 56567648 | 43089003 | 76.17 |
| ആകെ | 300 | 232 | 77.33 | 149913378 | 87069209 | 58.08 |

നാമമാത്രമായ ടെണ്ടർ വ്യതിയാനത്തിൽ കരാർ നിർമ്മാണച്ചുമതല ഏറ്റെടുത്തിട്ടുള്ള കരാറുകാരിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല. ഇ ടെണ്ടർ ഫീസ് ഒടുക്കുന്നതിനായി അസി.എഞ്ചിനീയറുടെ പേരിൽ പുതിയ അക്കൗണ്ട് തുടങ്ങണമെന്ന സർക്കാർ നിർദേശവും പ്രാവർത്തികമാക്കിയിട്ടില്ല. നിലവിലും എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഒടുക്കുവരുത്തുന്നത്. പ്രസ്തുത ഇനത്തിൽ നാളിതുവരെയുള്ള തുക എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ വാങ്ങിയിട്ടില്ല. ആയത് ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ അധികമായി ചെലവഴിച്ച സബ്സിഡി തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കിയിട്ടുണ്ട്.

03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിർത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 814745 | 814745 | 814745 | 0 |
| തൊഴിലാളികളുടെ വേതനം | 0 | 27283482 | 27283482 | 27283482 | |
| 100 തൊഴിൽ ദിന ബോണസ്സ് | 0 | 113000 | 113000 | 113000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2089 | 29499600 |
| വിധവാ പെൻഷൻ | 863 | 12333900 |
| കർഷക തൊഴിലാളി പെൻഷൻ | 197 | 2920600 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 274 | 4066800 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 27 | 359100 |
| തൊഴിൽ രഹിത വേതനം | 5 | 6840 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2021 03.30 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9632 (ഒൻപതിനായിരത്തി അറുനൂറ്റി മുപ്പത്തിരണ്ട്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

### പൊതുനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുകയും

ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ നിലവിൽ ക്ലർക്ക്, സീനിയർ ക്ലർക്ക് എന്നിവരുടെ മൂന്ന് തസ്തികകൾ വീതം ഉള്ളതിൽ , ഏപ്രിൽ 2020 മുതൽ ഒരു തസ്തിക (ക്ലർക്ക്-സീനിയർ ക്ലർക്ക്) ഒഴിഞ്ഞു കിടക്കുകയാണ്. തന്മൂലം, ടി സീറ്റിലെ ചുമതല മറ്റ് ജീവനക്കാർക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ ഒരു ക്ലർക്കിന്റെ സേവനം സാധ്യമാക്കി കാലവിളംബം ഉണ്ടാകാതെ ജോലികൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ടോക്കൺ സിസ്റ്റവും ഡിസ് പ്ലേ ബോർഡുമുള്ള ഫ്രണ്ട് ഓഫീസ് മികച്ച രീതിയിലാണ് പ്രവർത്തിക്കുന്നത്. ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകാൻ പഞ്ചായത്തിന് കഴിയുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിന് ISO 9001 സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്, എന്നാൽ ഘടകസ്ഥാപനങ്ങൾ ഒന്നിനും സർട്ടിഫിക്കേഷൻ ലഭിച്ചിട്ടില്ല.

**അക്കൗണ്ടിംഗ് സംവിധാനം**

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

**വർക്കിംഗ് ഗ്രൂപ്പുകൾ**

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമാക്കൽ എന്നിവയുടെ വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷം കൂടിയിട്ടില്ല. ഒട്ടുമിക്ക വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകളും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.9.2017 | 2009-10 മുതൽ 2016-17വരെ | 30.10.2017 |
| പെർഫോമൻസ് ഓഡിറ്റ് | 26.7.2021 | 3/2021 | ലഭ്യമാക്കിയിട്ടില്ല |

## 1-11 നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽനിന്നും വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (14/21/28.10.2021) സെക്രട്ടറി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | U/A നമ്പർ | ഈടാക്കേണ്ട നികുതി | അവസാനം നികുതി ഈടാക്കിയ വർഷം |
|---|---|---|---|
| 1 | XII/2-U/A | 689 | 2013-14 |
| 2 | V/10-U/A | 75 | ഈടാക്കിയിട്ടില്ല |
| 3 | VII/11-U/A | 2409 | 2014-15 |
| 4 | XIII/639-U/A | 4494 | 2017-18 |
| 5 | XIII/640-U/A | 4494 | 2017-18 |
| 6 | XIII/641-U/A | 1574 | 2017-18 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235(എ. എ.) പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതായിരുന്നു എങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക കെട്ടിട നികുതിയായി ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ച് കളയുന്നത്/ക്രമവൽകരിക്കുന്നത് വരെ ഇത്തരത്തിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും ഇപ്രകാരം നികുതി ഈടാക്കിയിട്ടില്ല. നിയമാനുസൃത നികുതി ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതിയിനത്തിൽ 32,83,426 ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ വസ്തുനികുതിയിനത്തിൽ 2020-21 സാമ്പത്തിക വർഷം 32,83,426 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Building (Current) (സർവ്വീസ് സെസ് ഉൾപ്പെടെയുള്ള തുക) | 841463 |
| Receivables For Property Tax On Residential Building (Arrear) (സർവ്വീസ് സെസ് ഉൾപ്പെടെയുള്ള തുക) | 646307 |
| Receivables For Property Tax On Non-Residential Building (Current) (സർവ്വീസ് സെസ് ഉൾപ്പെടെയുള്ള തുക) | 959904 |
| Receivables For Property Tax Non- Residential Building (Arrear) (സർവ്വീസ് സെസ് ഉൾപ്പെടെയുള്ള തുക) | 835752 |
| **Total** | **3283426** |

വസ്തു നികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 രസീതുകളുടെ ഉപയോഗം - അപാകങ്ങൾ

സാമ്പത്തികവർഷം പൂർത്തിയാകുന്ന മുറയ്ക്ക് ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഉപയോഗിച്ച കൊണ്ടിരിക്കുന്ന രസീത് ഏതെങ്കിലും കാരണത്താൽ റദ്ദ് ചെയ്യുകയാണെങ്കിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്യുന്നില്ല. രസീതുകൾ റദ്ദ് ചെയ്യുമ്പോൾ നടപടി ക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ (വെറ്ററിനറി സർജൻ ) നൽകുന്ന രസീതിൽ തീയതി രേഖപ്പെടുത്തുന്നതായി കാണുന്നില്ല. എല്ലാ രസീതു ബുക്കിലും ആകെ രസീതുകളുടെ എണ്ണം സെക്രട്ടറി സാക്ഷ്യ പെടുത്തേണ്ടതാണ്.

## 1-14 ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി,സംഘങ്ങളുടെ ലൈസൻസ് ഫീസ് - ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ പാൽ ഉൽപ്പന്നങ്ങളുടെ സംഭരണം, വിൽപ്പന (പട്ടിക ക്രമ നം : 132) എന്നിവ നടത്തുന്നതിനും പഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ 2 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ക്ഷീര സംഘങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനും ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 കാലഹരണപ്പെട്ട നിരതദ്രവ്യം/ലേലതുകകൾ - തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.

എഗ്രിമെന്റ് കാലാവധി കഴിഞ്ഞ് മൂന്നുവർഷം പൂർത്തിയായ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടണമെന്ന് കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282 (1) (6) പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2013 - 14 വർഷം മുതൽ 2016-17 വർഷം വരെയുള്ള നിക്ഷേപ തുകകൾ നാളിതുവരെയും തനതു ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| Code No: | Item | Balance |
|---|---|---|
| 340100101 | കോൺട്രാക്ടേഴ്സ് EMD | 9541 |
| 340100102 | സപ്ലയേഴ്സ് EMD | 28400 |
| 340100103 | ബിഡ്ഡേഴ്സ് EMD | 149601 |
| 340100201 | കോൺട്രാക്ടേഴ്സ് SD | 3800 |
| 340100202 | സപ്ലയേഴ്സ് SD | 48713 |
| 340100203 | ബിഡ്ഡേഴ്സ് SD | 93637 |
| 340100301 | കോൺട്രാക്ടേഴ്സ് റിറ്റൻഷൻ | 47222 |
| 340200102 | ലേല ഡെപ്പോസിറ്റ് | 2112 |
| 340200106 | ഹാൾ, ആഡിറ്റോറിയം വക ഡെപ്പോസിറ്റ് | 600 |
| 340800101 | മറ്റുള്ളവരിൽ നിന്നുമുള്ള ഡെപ്പോസിറ്റ് | 40501 |

| | | |
|---|---|---|
| | TOTAL | 4,24,127 |

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിന്റെ 14-01-2020 ലെ എ.സി. 1//25/2019 ത.സ്വ.ഭ.വ നംപർ സർക്കുലർ പ്രകാരമുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനതു ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും, ഇത് കൃത്യമായി ഉറപ്പുവരുത്തുന്നതിനാവശ്യമായ ക്രമീകരണവും രേഖകളുടെ പരിപാലനവും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 പി.എം.സി യഥാസമയം യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും യഥാസമയമോ ആവശ്യാനുസരണമോ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നില്ല. 2019-20,2020-21 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നത് 2 തവണ മാത്രമാണ്. 03.06.2019,16.10.2019 എന്നീ തീയതികളിലാണ് യോഗം നടന്നിട്ടുള്ളത്. ഓരോ മാസത്തെയും പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല. പാലിയേറ്റീവ് കെയർ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉതകുന്ന തരത്തിലുള്ള യാതൊരു ചർച്ചകളും പ്രസ്തുത യോഗങ്ങളിൽ നടന്നിട്ടില്ല. യോഗ തീരുമാനങ്ങളുടെ പൂർണ്ണമായ വിവരം രേഖപ്പെടുത്തി മിനിട്ട്സ് ബുക്കിൽ സാക്ഷ്യപ്പെടുത്തലില്ല. തുടർനടപടി സ്വീകരിക്കുന്നതിലേക്കായി ഈ വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 പാലിയേറ്റീവ് പരിചരണം പ്രോജക്ടിൽ ഉൾപ്പെടുത്തി മൊബൈൽഫോൺ വാങ്ങി

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ പാലിയേറ്റീവ് പരിചരണം പദ്ധതിയിൽ ഉൾപ്പെടുത്തി പാലിയേറ്റീവ് നഴ്സിന് മൊബൈൽ വാങ്ങിനൽകുന്നതിനായി 13350 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം ഗൃഹകേന്ദ്രീകൃത പരിചരണം നടത്തുന്നതിന് മൊബൈൽ വാങ്ങിനൽകണമെന്ന പാലിയേറ്റീവ് നഴ്സിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയിലോ പഞ്ചായത്ത് ഭരണസമിതിയിലോ ചർച്ചചെയ്യാതെയാണ് മൊബൈൽ വാങ്ങുന്നതിന് പ്രോജക്ടിൽ നിന്നും തുക ചെലവഴിച്ചത്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (17/29.10.2021) മെഡിക്കൽ ഓഫീസർ മറുപടി നൽകിയില്ല. അംഗീകാരം ലഭിച്ച പദ്ധതിയിൽ ഉൾപ്പെടാത്ത ഇനത്തിന് തുക ചെലവഴിക്കുന്നത് സംബന്ധിച്ച് കോർഡിനേഷൻ കമ്മറ്റിയുടെയോ സർക്കാരിന്റെയോ പ്രത്യേക അനുമതിയും ലഭിച്ചിട്ടില്ല. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കുന്നതുവരെ 13350 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൊബൈൽ ഫോൺ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 പൂരക പോഷകാഹാര പദ്ധതി - സ്റ്റോക്ക് രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ സൂക്ഷിക്കുന്നില്ല

പൂരക പോഷകാഹാര പദ്ധതിയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. പൂരക പോഷകാഹാര പദ്ധതിക്കായി വാങ്ങിയ ഭക്ഷണസാമഗ്രികൾ ഏറെയും അങ്കണവാടികൾക്ക് വിതരണം ചെയ്യുന്നതിനായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്യേണ്ടതിനു പകരം വെള്ളക്കടലാസിൽ വിതരണ വിവരം രേഖപ്പെടുത്തി അങ്കണവാടി വർക്കർമാരിൽ നിന്നും ഒപ്പിട്ട് വാങ്ങി പ്രത്യേകം സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത വിതരണ രേഖകൾ സ്റ്റോക്ക് രജിസ്റ്ററിൽ പതിപ്പിച്ച് സൂക്ഷിച്ചിരുന്നില്ല. ഓഡിറ്റ് എൻക്വയറി ( നം 7/23.10.2021) നൽകിയതിനെത്തുടർന്ന് ടി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി. എന്നാൽ നിലവിൽ ഉപയോഗിച്ചിരുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ഇവ ക്രമാനുഗതമായി രേഖപ്പെടുത്തുന്നതിന് മതിയായ സ്ഥലം ഇല്ലാതിരുന്നതിനാൽ പ്രത്യേകം രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതു കൊണ്ടുതന്നെ വാങ്ങിയ സാധനങ്ങൾ ക്രമാനുഗതമായല്ല സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അങ്കണവാടി വർക്കർമാർ കൈപ്പറ്റിയ സാധനങ്ങൾ നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിട്ടില്ല. പുതിയ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമല്ലാതിരുന്നതിനാലാണ് ഇങ്ങനെ ചെയ്തതെന്നാണ് വർക്കർമാർ അറിയിച്ചത്. കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള രീതിയിലുള്ള സ്റ്റോക്ക് രജിസ്റ്ററിന്റെ മാതൃകയിൽത്തന്നെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഐ.സി.ഡി.എസ്സ് സൂപ്പർവൈസറും അങ്കണവാടി വർക്കർമാരും വാങ്ങുന്ന സാധനങ്ങൾ അതാത് ദിവസം തന്നെ നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഭാവിയിൽ സ്റ്റോക്ക് രജിസ്റ്റർ

സൂക്ഷിക്കുന്നതിലെ അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ബാരൽ വില തിരികെ ഒടുക്കി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പായ്ക്ക്ഡ് ബിറ്റുമിൻ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള 11 പ്രൊജക്ടുകളുടെ ബിൽ തുക കോൺട്രാക്ടർക്ക് നൽകിയപ്പോൾ ബാരൽ വില ഈടാക്കിയിരുന്നില്ല. എൻക്വയറി നൽകിയതിനെത്തുടർന്ന ജി.എസ്.റ്റി ഉൾപ്പെടെ 58700 രൂപ ഗ്രാമപഞ്ചായത്തിൽ 1-11-2021- ലെ 121030101726 നമ്പർ രസീത് പ്രകാരം ഒടുക്ക് വരുത്തി. പദ്ധതിവിഹിതമിനത്തിലുള്ള 49746 രൂപയും ജി.എസ്.റ്റി ഇനത്തിലുള്ള 8954 രൂപയും നിശ്ചിത ശീർഷകങ്ങളിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലായി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1.ലൈഫ് ഭവന പദ്ധതി (ജനറൽ)പ്രോജക്ട് നമ്പർ - 94/2019-20, 23/2020-21

| | | |
|---|---|---|
| 1 | മാത്യു, പള്ളിപ്പടിഞ്ഞാറ്റേതിൽ, തെക്കുംമല | 200000 |

2.ലൈഫ് ഭവന നിർമ്മാണം (എസ്സ്.സി) 97/2019-20, 24/2020-21

| | | |
|---|---|---|
| 1 | ആദർശ് രാജ്, ലതാ ഭവനം, തെക്കുംമല | 200000 |
| 2 | സിന്ധു ബി.കെ , ചെറുതോട്ടുങ്കൽ,ചെറുകോൽ | 200000 |
| 3 | മധു.വി, മധു വിലാസം, തെക്കും മല | 300000 |
| 4 | സുധാ ഓമനക്കുട്ടൻ, അജീഷ് ഭവനം , തെക്കുംമല | 300000 |
| 5 | വാസു.വി.കെ , മധു വിലാസം, തെക്കുംമല | 300000 |

3.എം.എൻ ലക്ഷം വീട്(ജനറൽ) 30/2019-20, 173/2020-21

| | | |
|---|---|---|
| 1 | ജയന്തി, ലക്ഷം വീട് , തലച്ചിറ | 40000 |
| 2 | വിജയൻ.പി.കെ ,ലക്ഷം വീട് , തലച്ചിറ | 40000 |

4.എം.എൻ ലക്ഷം വീട്(എസ്സ്.സി)) 30/2019-20, 173/2020-21

| | | |
|---|---|---|
| 1 | പത്മിനി, ലക്ഷം വീട് , തലച്ചിറ | 40000 |

5.വീട് മെയിന്റനൻസ് (ജനറൽ), 25/2020-21

| | | |
|---|---|---|
| 1 | കുഞ്ഞുമോൾ തങ്കപ്പൻ, തടത്തിൽ, തലച്ചിറ ഏറം | 20000 |
| 2 | സന്തോഷ് ഇ ജെ, ഇടത്തറ വടക്കേതിൽ | 20000 |
| 3 | ലളിത കുമാരി , ചരിവു കാലായിൽ | 20000 |
| 4 | ലളിതമ്മ, സിനി സദനം, തലച്ചിറ | 20000 |
| 5 | സുജാത, മരുതൂർ, മണിയാർ | 20000 |

6.വീട് മെയിന്റനൻസ്(എസ്സ്.സി), 27/2020-21

| | | |
|---|---|---|
| 1 | രാജമ്മ, കുറ്റിത്തടത്തിൽ, വടശ്ശേരിക്കര | 35000 |
| 2 | ബിന്ദു അശ്വിൻ, നെടുമൺ കാലായിൽ, മണിയാർ | 35000 |
| 3 | ലളിത സി കെ, ചിരക്കര മേലേതിൽ | 35000 |
| 4 | സോമൻ പി.കെ, നെയ് തടത്തിൽ, ഇടത്തറ | 35000 |
| 5 | ശാന്തമ്മ, നെയ്ത്തടത്തിൽ, ഇടത്തറ | 35000 |

7.വീട് മെയിന്റനൻസ് ജനറൽ (170/2020-21)

| | | |
|---|---|---|
| 1 | അന്നമ്മ തോമസ്സ്, കരുകപ്പതാലിൽ, വടശ്ശേരിക്കര | 20000 |
| 2 | തങ്കമ്മ, കൊച്ചുമുറിയിൽ, വടശ്ശേരിക്കര | 20000 |
| 3 | പങ്കജാക്ഷൻ, കൊച്ചാലയ്ക്കൽ, ചെറുകുളഞ്ഞി | 20000 |

| | | |
|---|---|---|
| 4 | ജോയ്, തോട്ടാലിൽ, കമ്പളത്താമൺ | 20000 |
| 5 | മറിയാമ്മ കോശി , മുളയ്ക്കലേത്ത് വീട്, നരിക്കുഴി | 20000 |

8.വീട് മെയിന്റനൻസ് എസ്സ്.സി (172/2020-21)

| | | |
|---|---|---|
| 1 | രമണി.കെ.പി, കലശക്കുഴിയിൽ, ഇടത്തറ | 35000 |
| 2 | ഗംഗാധരൻ, അയത്തിൽ, പുളിച്ച മാന്തടത്തിൽ, ഇടത്തറ | 35000 |

9. എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി (171/2020-21)

| | | |
|---|---|---|
| 1 | പ്രസാദ്, തുളസി മംഗലത്ത്, തലച്ചിറ | 100000 |
| 2 | നളിനി, തടത്തിൽ വീട്, ബൗണ്ടറി | 100000 |

വിഷയം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾസ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-21 കരാറുകാർക്ക് ബിൽതുക നൽകിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് വേലകൾ ചെയ്ത കരാറുകാർക്ക് ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ തുക നൽകിയിട്ടുണ്ട്. എല്ലാ പ്രവൃത്തികളും നാമമാത്രമായ ടെണ്ടർ വ്യതിയാനത്തിലാണ് നൽകിയിരുന്നത്. ഓഡിറ്റ് എൻക്വയറി (നം 21/20.10.2021) നൽകിയതിനെത്തുടർന്ന കരാറുകാരിൽ നിന്നും 9039 രൂപ തിരികെ ഈടാക്കി പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്നവരിൽ നിന്നും അധികം നൽകിയ തുക തിരികെ ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമ നം | പ്രൊജക്ട് | കരാറുകാരൻ | പ്രവൃത്തി മൂല്യം | ടെണ്ടർ കുറവ് | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ബൗണ്ടറി-ആക്കേമൺ റോഡ്(195/21) | കെ.എൽ ഗോപി | 178022 | .1% | 178 |
| 2 | ഹോമിയോ ഹോസ്പിറ്റൽ മെയിന്റനൻസ്(167/21) | വിജു.വി.ആർ | 65815 | .5% | 330 |
| 3 | അമ്പലപ്പടി ഈരാട്ടുകടവ് റോഡ്(237/21) | വിജു വി.ആർ | 365004 | .1% | 365 |
| | | | ആകെ | | 873 |

നാമമാത്രമായ തുകയാണെങ്കിലും ടെണ്ടർ കുറവ് രേഖപ്പെടുത്തിയതിനാലാണ് പ്രസ്തുത കരാറുകാർക്ക് വർക്കുകൾ ലഭിച്ചത്.എന്നിരിക്കെ ടെണ്ടർകുറവ് രേഖപ്പെടുത്തിയിരിക്കുന്ന തുക കുറവ് ചെയ്യാതെ പ്രവൃത്തിമൂല്യത്തെ അടിസ്ഥാനമാക്കി കരാറുകാർക്ക് തുക നൽകിയത് ക്രമപ്രകാരമല്ല. പഞ്ചായത്തിൽ ഒടുക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതും,അവശേഷിക്കുന്ന കരാറുകാരിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-22 അഗതിരഹിതകേരളം പദ്ധതി - അക്കൗണ്ടിൽ ശേഷിക്കുന്നത് 31.90 ലക്ഷം രൂപ

അഗതിരഹിതകേരളം പദ്ധതി നടത്തിപ്പിനായി നൽകിയ തുകകൾ സമയബന്ധിതമായി വിനിയോഗിക്കാതെ അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നു. അഗതിരഹിത കേരളം പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ 31.03.2021 ൽ 3190271 രൂപ നീക്കിയിരിപ്പുണ്ട്.

പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കിയ ആക്ഷൻ പ്ലാനിന് (രണ്ടാം ഘട്ടം) സംസ്ഥാന കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.03.2019 ലെ കെ.എസ്സ്/എൽ/13100/2018 നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം 173 ഗുണഭോക്തൃ കുടുംബങ്ങളാണുള്ളത്. വിവിധ ഘടകങ്ങൾക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘടകം | തുക |
|---|---|
| | |

| | |
|---|---|
| ഭക്ഷണം | 4208400 |
| ചികിത്സ | 648000 |
| വീട് | 4400000 |
| ഭൂമി | 150000 |
| കുടിവെള്ളം | 225000 |
| വിദ്യാഭ്യാസം | 99000 |
| വീട് പുനരുദ്ധാരണം | 3500000 |
| വൈദ്യുതി | 26000 |
| തൊഴിൽ പരിശീലനം | 30000 |
| റിസർവ്വ് ഫണ്ട് | 75000 |
| മറ്റു ചെലവുകൾ | 9000 |
| മെഡിക്കൽ ക്യാമ്പ് | 15000 |
| ആകെ | 13385400 |

2019-20 , 2020-21 വർഷങ്ങളിലായി വികസന ഫണ്ടിൽ നിന്നും 200000 രൂപ വീതം പദ്ധതിയ്ക്കായി നൽകിയിട്ടുണ്ട്. എന്നാൽ ടി തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് നിലവിൽ നൽകുന്നത്. ആക്ഷൻ പ്ലാനിൽ വിഭാവനം ചെയ്തിരുന്ന മറ്റ് പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത നിരവധി കുടുംബങ്ങൾ ഗുണഭോക്താക്കളായുള്ളപ്പോഴും പദ്ധതിയുടെ അക്കൗണ്ടിൽ ലഭ്യമായ ഫണ്ട് ആക്ഷൻ പ്ലാനിന് അനുസൃതമായി ചെലവഴിക്കുന്നതിന് അധികൃതർ ശ്രദ്ധിച്ചിട്ടില്ല. കുടുംബശ്രീ ചാർജ് ഓഫീസറായ അസിസ്റ്റന്റ് സെക്രട്ടറിക്കു പകരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെയാണ് പ്രോജക്റ്റിന്റെ നിർവ്വഹണോദ്യോഗസ്ഥനായി നിശ്ചയിച്ചിരുന്നത്. പദ്ധതി നടത്തിപ്പ് അധികൃതർ ഗൗരവമായി എടുത്തിട്ടില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ലഭ്യമായ ഫണ്ട് വകയിരുത്തുന്നതിനനുസൃതമായി ചെലവഴിക്കുന്നതിനും പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-23 അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി ഈടാക്കിയിട്ടില്ല.

ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരൻ ക്വാട്ടുചെയ്ത നിരക്ക് എസ്റ്റിമേറ്റിന്റെ 10 ശതമാനത്തിൽ കുറവാണെങ്കിൽ അത്തരം കരാറുകാർ അധിക പെർഫോമൻസ് ഗ്യാരന്റി ഒടുക്കണമെന്ന് ജി.ഒ.(പി) 168/2019 ഫിൻ 17-12-2019 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്റ്റുകൾ നടപ്പാക്കിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

| ക്രമനം | പ്രോജക്റ്റ് | കരാറു കാരൻ | അടങ്കൽ | ടെണ്ടർ വ്യതിയാനം | പി.എ.സി. തുക | അഡീഷണൽ പെർഫോമൻസ്ഗ്യാരന്റി ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|---|---|
| 1 | ഇടക്കളം-അമ്പലംപടി വലിയകുളം പുതുശ്ശേരിമലറോഡ് (138/21) | അനൂപ് സോമൻ | 356424 | 21.55% കുറവ് | 315258 | 36413 |
| 2 | കൊട്ടുപള്ളിപ്പടി കുവിൽ റോഡ് കോൺക്രീറ്റ് (139/21) | അനൂപ് സോമൻ | 178393.36 | 19.01% കുറവ് | 144480 | 13018 |
| 3 | ഗ്യാസ് ഗോഡൗൺ മാവേലിപ്പടി റോഡ് കോൺക്രീറ്റ് | കുര്യൻ കെ വർഗീസ് | 356424.86 | 21.45% കുറവ് | 279972 | 32057 |

പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അലോപ്പതി മരുന്നുകൾ വാങ്ങൽ - നടപടി ക്രമങ്ങൾ പാലിച്ചില്ല

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമെ അലോപ്പതി മരുന്നുകൾ വാങ്ങാവൂ എന്നും മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ

മാത്രം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ ശുപാർശ പ്രകാരം കാരുണ്യ/നീതി/ജൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങാമെന്നും സർക്കാർ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് കാരുണ്യ മെഡിക്കൽ ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് 2019-20,2020-21 സാമ്പത്തിക വർഷം 651027/-രൂപ ചെലവഴിച്ചിട്ടുള്ളത്. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ അനുമതിയോ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള NAC യോ വാങ്ങാതെയാണ് ഇത്രയും തുക മരുന്ന് വാങ്ങുന്നതിനായി വിനിയോഗിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം 16/29.10.2021) മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മേൽ പരാമർശിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ആരോഗ്യകേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

പ്രാഥമിക ആരോഗ്യകേന്ദ്രം, ഹോമിയോ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/ നമ്പർ | ലഭിക്കാനുള്ള മരുന്ന് (രൂപയിൽ) | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| എഫ്.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ (209/20-21) | 500000/- | (Bill No.14/05.11.2020-Karunya Pharmacy<br>(Bill No.24/29.03.2021-KMSCL |
| സാന്ത്വനം-പാലിയേറ്റീവ് കെയർ (204/20-21) | 496035/- | (Bill No.21/09.02.21)-Karunya Pharmacy<br>(Bill No.28/29.03.21)-Karunya Pharmacy<br>(Bill No.29/29.03.21)-KMSCL |
| ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-36/21 | 90324/- | (Bill No.01/11.09.2020 |

മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരോടും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയോടും ശുപാർശ ചെയ്യുന്നു.

## 1-26 സമയബന്ധിതമായി പദ്ധതി നടപ്പാക്കിയില്ല - ലാപ്സായത് 92.04 ലക്ഷം രൂപ

2020-21 വർഷം ലഭിച്ച വിവിധ ഫണ്ടുകളും അവയുടെ ചെലവും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഫണ്ട് ഇനം | വരവ് | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 17414000 | 16043397 | 1370603 | 92.13 |
| വികസന ഫണ്ട് (എസ്.സി.പി) | 7657000 | 6290406 | 1366594 | 82.15 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 574000 | 498409 | 75591 | 86.83 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 5880000 | 5377900 | 502100 | 91.46 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 7515422 | 4777121 | 2738301 | 63.56 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 38212000 | 36350896 | 1861104 | 95.13 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4701000 | 3410974 | 1290026 | 72.56 |
| | | | **9204319** | |

റോഡിതര സംരക്ഷണ ഗ്രാന്റ്, ഉപാധി രഹിത ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ ചെലവ് കുറവാണ്. മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രോജക്ടുകളുടെ ചെലവ് വർഷാവസാനമാണ് നടത്തിയിട്ടുള്ളത്. സമയബന്ധതമായി ഫണ്ടുകൾ ചെലവഴിക്കാത്തത് മൂലം പഞ്ചായത്തിന് 92.04 ലക്ഷം രൂപ നഷ്ടപ്പെട്ടു.

## 1-27 നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല

2020-21-ലെ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ പ്രകാരം (ഷെഡ്യൂൾ ബി-18) വിവിധ നിർവ്വഹണ ഏജൻസികളിൽ പഞ്ചായത്ത് നിക്ഷേപിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു-

| ഏജൻസി | തുക |
|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 4688575 |
| കേരള വാട്ടർ അതോറിറ്റി | 13092470 |
| ഭൂഗർഭ ജല വകുപ്പ് | 1585000 |

പ്രസ്തുത തുകയിൽ ഓഡിറ്റ് വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചത് 4102900/- രൂപയും, വൈദ്യുതി ബോർഡിൽ 1621078/- രൂപയുമാണ്. മുൻ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികളുടെ പോലും വിനിയോഗ സാക്ഷ്യപത്രം ഏജൻസികൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും അവയിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിച്ച് കൃത്യമായ വിനിയോഗ വിവരങ്ങൾ വാങ്ങാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. പ്രവൃത്തികൾ ടെണ്ടർ നൽകുമ്പോൾ ഉണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച കണക്കുകൾ സമയബന്ധതമായി ലഭ്യമാക്കിയാൽ തുടർന്നുള്ള പ്രവൃത്തികൾക്കായി അത്രയും കുറച്ച് തുക വകയിരുത്താവുന്നതാണ്. മേൽ സൂചിപ്പിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തരശ്രദ്ധ ക്ഷണിക്കുന്നു. പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 ABC പ്രോഗ്രാം - നടത്തിപ്പിൽ പഞ്ചായത്തിന് പങ്കില്ല

സെക്രട്ടറി നിർവ്വഹിച്ച ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (5/21) എന്ന പ്രോജക്ട് പ്രകാരം 200000 രൂപ (വികസന ഫണ്ട്(ജനറൽ)- ബിൽ നം. 2005115200520129463/19.3.21) കുടുംബശ്രീയുടെ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷൻ നൽകിയ പ്രോജക്ടിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ലഭിച്ച തുക (കുടുംബശ്രീ മിഷന്) | വിനിയോഗിച്ച തുക |
|---|---|---|
| 2019-20-ലെ ബാലൻസ് തുക | 200000 | 199500 |
| 2020-21 ഗ്രാമപഞ്ചായത്ത് വിഹിതം | 200000 | |
| ആകെ | 400000 | 199500 |

1813/P2/2017/Kshree Pta/27.4.2021 നമ്പർ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം 2020-21 വർഷം 95 നായ്ക്കളെ പഞ്ചായത്ത് പരിധിയിൽ നിന്നും പിടിച്ച് വന്ധ്യംകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കണക്കുകൾ സംബന്ധിച്ച് പഞ്ചായത്തിൽ രേഖകൾ എന്തെങ്കിലുമുണ്ടോ എന്നും കണക്കിന്റെ ആധികാരിത വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ എന്നും, വിനിയോഗ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ച പ്രകാരം കുടുംബശ്രീ മുഖേന (സി.ഡി.എസ്) സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ എന്നതും സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട് (18/29.10.2021). ഇതിന് ലഭ്യമാക്കിയ മറുപടിയിൽ സി.ഡി.എസ് മുഖേനയുള്ള സോഷ്യൽ ഓഡിറ്റ് നടന്നിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 6(1) ചട്ടം പ്രകാരം അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിക്കേണ്ടതും അതുവഴി പൊതുജനാരോഗ്യം സംരക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. വർഷാ വർഷം തുക നൽകുന്നതിനപ്പുറം പ്രോജക്ടിന്റെ മോണിട്ടറിംഗ് പഞ്ചായത്ത് തലത്തിൽ നടക്കുന്നില്ല. കുടുംബശ്രീയുടെ ജില്ലാ മിഷനാണ് പ്രോജക്ടിന്റെ നിർവ്വഹണമെങ്കിലും പഞ്ചായത്തിലെ ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. കുടുംബശ്രീ സി.ഡി.എസ് മുഖേനയുള്ള സോഷ്യൽ ഓഡിറ്റിന്റെ അനിവാര്യതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. പദ്ധതിയുടെ തുടർവർഷ പ്രവർത്തനത്തിന് ശക്തമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## 1-29 ശബരിമല ഫണ്ട് - വിനിയോഗം

ശബരിമല തീർത്ഥാടകരുടെ ക്ഷേമത്തിനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് ശബരിമല സ്പെഷ്യൽ ഫണ്ട് നൽകുന്നത്. ആയതിന്റെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| 2011-12 | - | 1500000 | 1500000 | 332856 | 1167144 |
| 2012-13 | 1167144 | 1500000 | 2667144 | 2518944 | 148200 |
| 2013-14 | 148200 | 1500000 | 1648200 | 1164053 | 484147 |
| 2014-15 | 484147 | 1500000 | 1984147 | 1378421 | 605726 |
| 2015-16 | 605726 | 2000000 | 2605726 | 861181 | 1744545 |
| 2016-17 | 1744545 | 2000000 | 3744545 | 1831368 | 1913177 |
| 2017-18 | 1913177 | 3500000 | 5413177 | 1588226 | 3824951 |
| 2018-19 | 3824951 | 3500000 | 7324951 | 3724937 | 3600014 |
| 2019-20 | 3600014 | 3500000 | 7100014 | 2179773 | 4920241 |
| 2020-21 | 4920241 | 2350000 | 7270241 | 1809706 | 5460535 |

2020-21 സാമ്പത്തിക വർഷം ശബരിമല ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ 1809706 രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ശബരിമല തീർത്ഥാടകരുടെ എണ്ണം വളരെ കുറവായിരുന്നു. എന്നിരുന്നാലും മുൻ വർഷത്തെ അപേക്ഷിച്ച് തുക ചെലവഴിച്ചതിൽ കാര്യമായ കുറവുണ്ടായിട്ടില്ല. മുൻ വർഷങ്ങളിലെ പോലെ തന്നെ നടപ്പിലാക്കിയ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. പഞ്ചായത്ത് ചെലവഴിക്കുന്ന തുക തീർത്ഥാടകരുടെ ക്ഷേമത്തിന് പ്രയോജനപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല. ഇടത്താവളങ്ങളുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കാര്യമായ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ശബരിമല തീർത്ഥാടന കാലം ആരംഭിക്കുന്നതിന് മുൻപ് തന്നെ തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും ഇവയുടെ കൃത്യവും സമയബന്ധിതവുമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി പഞ്ചായത്ത് തലത്തിൽ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതും ഭരണ സമിതിയംഗങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട സമിതി രൂപീകരിച്ച് ഫണ്ട് വിനിയോഗം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതുമാണ്.

വർഷാവസാനം (31.3.2021-ന്) ഫണ്ടിനത്തിൽ 5460535 രൂപ ശേഷിക്കുന്നുണ്ട്. നിലവിൽ ശബരിമല സ്പെഷ്യൽ ഫണ്ട് പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഇത് മൂലം പ്രസ്തുത ഫണ്ട് പഞ്ചായത്തിന്റെ മറ്റ് അവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാൻ സാദ്ധ്യതയുണ്ട്. ആതിനാൽ ടി ഫണ്ടിനായി സെക്രട്ടറിയുടെ പേരിൽ ഒരു പ്രത്യേക ബാങ്ക്/ ട്രഷറി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

## 1-30 കോവിഡ് അനുബന്ധ ചെലവുകൾ - അവലോകനം

കോവിഡ് മഹാമാരിയുമായി അനുബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവിന്റെ വിവരം | തുക | ഫണ്ട് |
|---|---|---|---|
| 1 | കോവിഡ് കെയർ സെന്ററായ മണിയാറ്റ് പ്ലാസയിലെ ചെലവ് | 28751 | തനത് ഫണ്ട് |
| 2 | കോവിഡ് കെയർ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ (322/21) | 449461 | വികസന ഫണ്ട് |
| 3 | കോവിഡ് കെയർ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ (325/21) | 471993 | വികസന ഫണ്ട് |
| 4 | കോവിഡ് കെയർ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ (349/21) | 71000 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| 5 | സി.എഫ്.എൽ.റ്റി.സി അടിസ്ഥാന സൗകര്യം ഒരുക്കൽ (351/21) | 80220 | വികസന ഫണ്ട് |
| 6 | സി.എഫ്.എൽ.റ്റി.സി അടിസ്ഥാന സൗകര്യം ഒരുക്കൽ (റോഡ്, പാർക്കിംഗ് ഏരിയ, റാമ്പ്, സ്റ്റെപ്പ് എന്നിവ ഒരുക്കുന്നതിന് എ.ഇ-യുടെ റിക്വിസിഷൻ പ്രകാരം നൽകിയ തുക) | 180552 | പ്രത്യേക ഗ്രാന്റ് |
| | ആകെ | 1281977 | |

സി.എഫ്.എൽ.റ്റി.സി സജ്ജീകരണത്തിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ (ഡി.ഡി.എം.എ) നിന്നും 300000 രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗുരുതര രോഗം ബാധിച്ചവർക്ക് ജീവൻ രക്ഷാ മരുന്നുകൾക്കായി 130000 രൂപയും ചെലവഴിച്ചിട്ടുണ്ട്. നിലവിൽ അയ്യപ്പ മെഡിക്കൽ കോളജാണ് ഡി.സി.സി യായി പ്രവർത്തിച്ച് വരുന്നത്.

**1-31 നിർവ്വഹണ ഏജൻസിക്ക് അഡ്വാൻസ് നൽകി- ശുചീകരണാവശ്യത്തിനുള്ള ബിന്നുകൾ ലഭ്യമായില്ല**

കളക്ടേഴ്സ് @ സ്കൂൾ (പ്രോ.നം. 378/2020-21) പദ്ധതി പ്രകാരം സ്കൂളുകളിൽ വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് ചെലവിന്റെ 20% തുകയായ 67840 രൂപ നിർവ്വഹണ ഏജൻസിയായ IRTC- PIU ( പാലക്കാട്) വിന് മുൻകൂറായി നൽകിയിരുന്നു. എന്നാൽ നാളിതുവരെ ബിന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/30.10.2021) താമസം വിനാ ബിന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വി.ഇ.ഒ അറിയിച്ചു. ബിന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക്, വിതരണ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

**4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 80000 | വാഴ വിത്ത് വിതരണം | 80000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 1761000 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 1761000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 160000 | ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി) | 160000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1000000 | വാഴ വിത്ത് വിതരണം | 1000000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 258319 | പാലിയേറ്റീവ് പരിചരണം | 258319 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 499781 | പാലിയേറ്റീവ് പരിചരണം (SO) | 499781 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 160000 | ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി) | 160000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1500000 | പത്താം വാർഡ് MN ലക്ഷംവീട് ഇരട്ടവീട് ഒറ്റവീടാക്കൽ (ജനറൽ) | 1500000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1740000 | പത്താം വാർഡ് MN ലക്ഷംവീട് ഇരട്ടവീട് ഒറ്റവീടാക്കൽ (എസ്.സി) | 1740000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 243202 | അംഗൻവാടി പോഷകാഹാര പരിപാടി | 243202 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 165000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 165000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (4/21) | 20051152005201294245/ 19.3.21 | 2378900 | 0 | 2378900 |
| | | 20051152005201375876/ 19.3.21 | 1414000 | 0 | 1414000 |
| | | ആകെ | 3792900 | 0 | 3792900 |
| കേരള വാട്ടർ അതോറിറ്റി | അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ (169/21) | 19051152005201490541/ 6.4.2020 | 310000 | 0 | 310000 |
| ഭൂജല വകുപ്പ് | അഞ്ചുമുക്ക് കുടിവള്ള പദ്ധതി (359/21) | 20051152005200694878/ 6.11.20 | 1585000 | 0 | 1585000 |
| വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടൽ (3/21) | 20051152005201294253/ 19.3.21 | 150332 | 0 | 150332 |
| | | 20051152005201378166/ 26.3.21 | 1315808 | 0 | 1315808 |
| | | ആകെ | 1466140 | 0 | 1466140 |
| വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടൽ (176/21) | 19051152005201415472/ 6.4.2020 | 154938 | 0 | 154938 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക (തൻ വർഷത്തെ വരവ്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന പദ്ധതി | 821687 | 4077241 | 483005 | 0 | 3930628 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 32934 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| 2016-17 | 3-2 | 6563 | ശ്രീമതി സ്വപ്ന സൂസൻ ജേക്കബ്, മെമ്പർ | 120030101414/12.11.20 |
| 2016-17 | 3-2 | 6563 | ശ്രീ. അജേഷ് മണപ്പാട്ട്, മുൻ മെമ്പർ | 120030101422/12.11.20 |
| 2016-17 | 3-2 | 6563 | ശ്രീമതി സൈനബ റ്റി പി, മെമ്പർ | 120030101424/12.11.20 |
| | | | | |

| | | | | |
|---|---|---|---|---|
| 2016-17 | 3-2 | 6563 | ശ്രീമതി സാലി മാത്യു, മുൻ മെമ്പർ | 120030101437/13.11.20 |
| 2016-17 | 3-2 | 6682 | ശ്രീമതി മണിയമ്മ യശോധരൻ, മുൻ മെമ്പർ | 120030101512/16.11.20 |
| | ആകെ | 32934 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-14 | 2007-08 | 3-16(1) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ധനസഹായ വിതരണ മേഖലകളിൽ കൃത്രിമം കാണിച്ച | VC/3/13/PTA നമ്പർ കേസ് നിലനിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | അദ്ധ്യായം 2 അനുബന്ധം 4 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-1 | 2016-17 | അദ്ധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-2 | 2016-17 | അദ്ധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-3 | 2016-17 | അദ്ധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 124382026 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 106317674 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13350 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 13350 | ഡോ. ശ്രീകുമാർ എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| | 13350 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ശ്രീകുമാർ എസ്,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ജില്ലാ പ്രോഗ്രാം ഓഫീസർ, എൻ.എച്ച്.എം | തുണ്ടിൽ വീട്, ആഞ്ചേരി,<br>ഐരൂർ പി.ഒ,<br>അഞ്ചൽ, കൊല്ലം (ജില്ല) 691312 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ ഓഫീസിൽനിന്ന് ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി6/1039/2011 തീയതി 25-11-2009 | 9 |
| 1996-97 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5/747/2008 തീയതി 11-01-2010 | 4 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/651/1997 തീയതി 09-10-2000 | 1 |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5/748/2008 തീയതി 11-01-2008 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/534/98 തീയതി 26-02-2009 | എല്ലാ ഖണ്ഡികകളും |
| 1997-98 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി3/575/1999 തീയതി 02-02-2000 | എല്ലാ ഖണ്ഡികകളും |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5/462/2009 തീയതി 11-05-2010/04-11-2011 | 2 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/213/2000 തീയതി 14-11-2000 | 18 |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5/751/2009 തീയതി 11-01-2010 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/243/2003 തീയതി 03-02-2003 | എല്ലാ ഖണ്ഡികകളും |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/446/2005 തീയതി 01-10-2005 | 6 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി4/648/2008 | 8 |

| | | |
|---|---|---|
| (ജനകീയാസൂത്രണം) | തീയതി 14-01-2005 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/247/2008 തീയതി 30-06-2009 | 30 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/447/2005 തീയതി 17-12-2008 | എല്ലാ ഖണ്ഡികകളും |
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി4/649/2003 തീയതി 14-01-2005 | എല്ലാ ഖണ്ഡികകളും |
| 2002-03 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/248/2008 തീയതി 31-07-2009 | എല്ലാ ഖണ്ഡികകളും |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/405/2007 തീയതി 26-03-2008 | എല്ലാ ഖണ്ഡികകളും |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി8/249/2008 തീയതി 30-06-2009 | എല്ലാ ഖണ്ഡികകളും |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി5/754/2008 തീയതി 07-02-2010 | 37 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി6/755/2008 തീയതി 07-07-2010 | 15 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി8/23/2011 തീയതി 07-01-2008 | 7 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി8/24/2011 തീയതി 08--01-2013 | 17 |
| 2008-09 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ-പി6/97/2013 തീയതി 09-05-13 | 20 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി6/1151/2014 തീയതി 20-03-2015/31-07-15 | 11 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി11/1151/16 തീയതി 05-06-2016 | 7 |
| 2015-16 | എൽ.എഫ്.പി.റ്റി.എ-പി6/975/2016 തീയതി 30-08-2016 | 10 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി11/676/2017 തീയതി 31-03-2018 | 32 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി-11/1526/2018 തീയതി 11.12.2018 | 15 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി-11/627/2019 തീയതി 17.8.2019 | എല്ലാ പരാമർശങ്ങളും നിലനിൽക്കുന്നു. |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി11 -742 /2021 തീയതി .20.12.2021 | എല്ലാ പരാമർശങ്ങളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്